**Talented Bankers Literary Panel - പുസ്തകപരിചയം 65**

പരിചയപ്പെടുത്തുന്നത്

സുരേഷ് നാരായണൻ

ധനലക്ഷ്മി ബാങ്ക്

ആലപ്പുഴ ശാഖ.

## കഥകൾ

## ഭാഷയോട് ഇണചേരുന്നവർ !

----------------------------------------------

'സൃഷ്ടിപരതയേക്കാൾ പ്രകടനപരതയും ഏകാഗ്രതയെക്കാൾ ഉദാസീനതയും നിറഞ്ഞു നിൽക്കുന്നു' എന്ന 'വിഖ്യാത' കാരണത്താൽ മാതൃഭൂമിയുടെ 'പ്രഖ്യാത' പാനൽ സമ്മാനാർഹമല്ലെന്നു നിഷ്ക്കരുണം തള്ളിക്കളഞ്ഞ കഥകളുടെ സമാഹാരത്തിലൂടെ കഴിഞ്ഞദിവസമാണ് കടന്നുപോയത് . ( #കഥകൾ)

പ്രസ്തുത കഥാമത്സരത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 10 കഥകളിൽ 8 എണ്ണം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് .
പുറമേ രണ്ടു് കഥകളും.

ഓരോന്നായി വിശകലനം ചെയ്യാം.

### 1.വെജിറ്റേറിയൻ സമരങ്ങൾ

എല്ലാം സ്വാതന്ത്ര്യസമരങ്ങളും തെരുവുകളിലല്ല നടക്കുന്നത്. വീട്ടിനുള്ളിലും, കിടപ്പുമുറിയിലും അങ്ങിനെ പലയിടത്തുമുണ്ട്.. ഈ കഥയിലെ റാഖിലയും അങ്ങിനെ നോക്കുമ്പോൾ ഒരു സ്വാതന്ത്ര്യസമര സേനാനിയാണ്.

മൂടുപടം ഊരിയെറിഞ്ഞ് കാറ്റിനെയും വെളിച്ചത്തെയുമവൾ മുഖത്തേറ്റുവാങ്ങുന്നു. മുഖം തുടുക്കുന്നതുവരെ !

സമൂഹത്തിൻറെ അടരുകളുടെ ഒരു എക്സ്-റേ ഷീറ്റ് ആകുന്നു ഈ കഥ. ഒരു ഷോർട്ട് ഫിലിമിനുള്ള വെടിക്കോപ്പുകൾ എല്ലാം കഥാകാരി ഇതിൽ ഒളിപ്പിച്ചു വച്ചിട്ടുണ്ട്.

### 2.സീത

നീറ്റലാണ് സീത,
കൊളുത്തിവലിക്കുന്ന മരണത്തിന്റെ.

സന്തോഷിന്റെ തൊണ്ടയിൽ തടഞ്ഞുപോയ പ്രാർത്ഥനകളുടെ വിങ്ങലുമാണ് സീത.

അയാളുടെ ദുഃഖം മഴവെള്ളം പോലെ കുത്തിയൊലിച്ച് മണ്ണോടു കലരുന്നു.
രേഖയുടെ ചുടുരക്തമാണ് അവരുടെ കുഞ്ഞിന് പുറത്തേക്കുള്ള വഴി കാണിക്കുന്നത്.

വീട്ടിൽ രക്തവും ചാണകവും ചേർന്ന് വഴുകിയ മിശ്രിതത്തിലും , ആശുപത്രിയുടെ മിനുസമുള്ള നിലത്ത് ഇറ്റുവീണ രക്തത്തിലും ചവിട്ടി സന്തോഷ് വേച്ചുവേച്ചു പോകുന്നു.
പൊൻകുന്നം വർക്കിയുടെ 'ശബ്ദിക്കുന്ന കലപ്പ' പോലെ നമ്മെ നിശബ്ദരാക്കാൻ
പോ(ചോ)ന്ന രചന.

**3 നാലാം ലിംഗം**

പ്രേമൻ എന്ന 'അർദ്ധനാരീശ്വരന്റെ' കഥ പറയുന്നു ആതിര രാജൻ. സിനിമകളിലും മറ്റും വികലമായി, വികൃതമായി കണ്ടിട്ടുള്ള ഒരു അവസ്ഥയെ അത്യന്തം മിഴിവോടെ കഥാകൃത്ത് വരച്ചിടുന്നു. അനുദിനം വളരുന്ന ഒരു മുറിപ്പാട് മാത്രമായി തീർന്ന പ്രേമന്റെ വടുക്കളെ സ്വന്തം കണ്ണുനീർ കൊണ്ടുണക്കുന്ന ഹേമന്ത് അപൂർവമായ ഒരു കാഴ്ച തന്നെ.

**4.ആഡിസ് അബാബയിലെ പുരോഹിതൻ**

ശ്വാസമടക്കിപ്പിടിച്ചു വേണം ഈ കഥ വായിച്ചു തീർക്കാൻ. ചെവിയോർത്താൽ ഇടനെഞ്ചിൽ പ്രാവുകൾ കുറുകുന്നത് നമുക്കുകേൾക്കാം.. ഒരു പെയിൻറിംഗ് പോലെ മനോഹരമാണ് ആനി അരുളിന്റെ ഭാഷ !

**5.ഡാന്റേ**

വിവിധ ഭൂഖണ്ഡങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ഒരു പാലമാണ് അഖിൽ മിഷ്കിൻ തോമസിന്റെ 'ഡാന്റേ'.

മരുഭൂമിയിലൂടെ ഓടുന്ന ഡാന്റേയുടെ പഴഞ്ചൻ ട്രക്കു പോലെ, ഭാഷയുടെമേലെയുള്ള കൈയ്യടക്കത്തോടെ ആ ഭൂഖണ്ഡാന്തര പാലം അഖിൽ മുറിച്ചു കടക്കുന്നു.
ഒരു പോലീസ്ജീപ്പ് ഉടനീളം പിന്തുടരുന്ന പോലെയൊരു ഫീൽ ഉണ്ടാക്കുന്ന എഴുത്ത്.

**6.നീലയാപ്പിൾ കടലിലെ സായിപ്പ്.**

തീർത്തും അലസമായ ഒരു സായാഹ്നം എങ്ങനെ അതിൻറെ നിറം പെട്ടെന്നുമാറ്റുന്നു? ആ ഒരു കടൽകാഴ്ച്ച . വളരെ ഋജുവായ അവതരണം.

**7.2003**

നോൺ -ലീനിയർ സ്വഭാവത്തിലുള്ള എഴുത്ത്.
ആത്മസംഘർഷങ്ങളിൽ നിന്നു രക്ഷപ്പെടാൻ കാമുകിയുടെ
അടിവയറിനു ചുവട്ടിലേക്ക് ഓടിയൊളിക്കുന്ന
സിദ്ധാർത്ഥൻ.അവന്റെ ചുറ്റുമുള്ളവർ എല്ലാവരും പലായനം ചെയ്യുന്നു
; അവരുടെ നിശ്വാസങ്ങളാണ് പേജുകൾ നിറയെ.

കഥയിലേക്ക്, ഉൾക്കഥയിലേക്ക് ചൂഴ്ന്നിറങ്ങുമ്പോൾ നമ്മൾ
കഴുകന്മാരുടെ ചിറകടി കേൾക്കുന്നു;
അത് അടുത്തടുത്തുവരുന്നു..
വെളിച്ചത്തെ മറയ്ക്കുന്നു..
പ്രാവുകളെ അന്ധരാക്കുന്നു.

**8.ബഷീറിയൻ മാനിഫെസ്റ്റോ**

2003ഉം, ഈ കഥയും എഴുതിയിരിക്കുന്നത് പ്രിയ സുഹൃത്ത് അഖിൽ
മുരളീധരൻ ആണ്.

മതിഭ്രമങ്ങളുടെ ഊഞ്ഞാൽവള്ളികളിലാണ് ഈ കഥയെ അഖിൽ
കെട്ടിനിർത്തിയിരിക്കുന്നത്.

എഴുത്തുമുറി - അഥവാ മേഘരൂപം പൂണ്ട ദുഃഖങ്ങളുടെ ഒറ്റമുറി.
'നീലവെളിച്ചത്തെ' മതിമറന്നുപാസിക്കുന്ന കഥാകൃത്തിന്റെ
അടുത്തേക്ക് ആ മുറിയുടെ വാതിൽ തള്ളിത്തുറന്ന് സാക്ഷാൽ
ബഷീർ (ബഷീർ എന്ന ജിന്ന് !) കടന്നു വരുന്നു.

തിരുവനന്തപുരത്തുകാരൻ ആണെങ്കിലും ഹൈറേഞ്ചിന്റെ
സ്വഭാവമാണ് അഖിലിന്റെ കഥകൾക്ക്!

**9 അശാന്ത രാത്രി.**

ഒരു സുവിശേഷം പോലെ സൗന്ദര്യമാർന്നതാണ് ജിബിൻ കുര്യന്റെ
'അശാന്തരാത്രി'. അരുവിയിലെ തെളിവെള്ളത്തിൽ മുഖം
ക(ത)ഴുകുന്ന ഒരു സുഖം ആണ് അതിന്റെ വായന !

**10.സോൾ കിച്ചൻ**

ഈ കഥയോട് ഒരു ഇഷ്ടക്കൂടുതലുണ്ട്.
പ്രിയ സുഹൃത്ത് civic john ന്റെ പ്രിയസൃഷ്ടി!

സിവിക് ഏറെ ഇഷ്ടപ്പെടുന്ന കഥാകാരി
പ്രിയ A S ന്റെ അനുഭവങ്ങൾ ഈ കഥയ്ക്ക് ഒരു
പ്രചോദനമായിട്ടുണ്ടെന്ന് തോന്നുന്നു.

മഷിയല്ല, രുചിയും മണവും ആണ് ഈ കഥയുടെ രസക്കൂട്ട്, അല്ല കറിക്കൂട്ട്!
മനസ്സ് ഒരു അടുപ്പുകല്ലാണെന്നും ശരിയായരീതിയിൽ കത്തിച്ചാൽ അതിലൂടെ പ്രകാശം പരക്കുമെന്നും കാണിച്ചു തരുന്ന ഒരു പുതുമ!

നേരത്തെ പറഞ്ഞപോലെ,
ഇവർ ഓരോരുത്തരും അത്യാഹ്ലാദപൂർവ്വം ഭാഷയോട് ഇണചേരുന്നതു കാണാൻ എന്തൊരു ചേലാണ്! ഓറഞ്ചല്ലികൾ പോലെയുള്ള 10 കഥകൾ ആ പ്രണയവല്ലരിയിൽ നിന്നും നമ്മുടെ കയ്യിലേക്കൂർന്നു വീഴുന്നു !

പ്രസാധകർ - ലിറ്റിസ്മോഫിയർ
വില - Rs. 120/-